(ഡി) പ്ലാസ്റ്റിക് ശേഖരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർകണ്ടീഷനറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക് മാലിന്യങ്ങളും കിലോയ്ക്ക് 5 രൂപ നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കേണ്ടതാണ് എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യു.എൻ.ഡി.പി.-യുടെ ഡി.ആർ.ആർ. പ്രോജക്ടുകൾ

314 (1740) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജി.ഒ.ഐ., യു.എൻ.ഡി.പി. എന്നിവയുടെ ഡി.ആർ.ആർ.പി. നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പ്രോജക്ടുകൾ കൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാം ; ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ ഉൾപ്പെടുത്തി ; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ഇതിന്റെ പ്രവർത്തനത്തിനുള്ള സാമ്പത്തിക സ്രോതസ്സ് എവിടെ നിന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രോജക്ട് ആരംഭിച്ചതു മുതൽ എത്ര തുക എവിടെ നിന്നെല്ലാം ലഭിച്ചു ; എത്ര തുക ചെലവഴിച്ചു എന്നതിന്റെ പദ്ധതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഡി.ആർ.ആർ.പി. നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നഗരപ്രദേശങ്ങളിൽ പ്രകൃതി ദുരന്തങ്ങളും മറ്റ് തരത്തിലുള്ള ദുരന്തങ്ങളും ഉണ്ടാകുമ്പോൾ അതിൽ നിന്നുള്ള ദോഷഫലങ്ങൾ കുറവ് ചെയ്യുന്ന നിലയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പദ്ധതി 2010-12 കാലയളവിലാണ് നടപ്പിലാക്കിയിരുന്നത്.

(സി) യു.എൻ.ഡി.പി.-യിൽ നിന്നും കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേനയാണ് ഇതിനുള്ള സാമ്പത്തിക സഹായം ലഭിച്ചിരുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

1024/2018

LIBRARY ARCHIVES Kerala Legislative Assembly